From,

സോമശേഖരൻ നായർ,
മാടംഭാഗത്ത്, തുറവൂർ.പി.ഒ.,
ചേർത്തല, ആലപ്പുഴ.

To,

പബ്ലിക് റിലേഷൻ ഓഫീസർ,
ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ ഓഫീസ്,
ജഗതി.പി.ഒ., തിരുവനന്തപുരം.

സർ,

**വിഷയം:- വിവരാവകാശ നിയമം 2005 പ്രകാരം താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതു സംബന്ധിച്ച്.**

സൂചന:- ഇല്ല

സംസ്ഥാനത്തെ സ്കൂൾകുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം 2005 പ്രകാരം താഴെ പറയുന്ന ചോദ്യങ്ങൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ തരേണ്ടതാണ്.

1. 2022-23 വർഷത്തിലെ ഉച്ചഭക്ഷണ പദ്ധതിക്കായി ഇറങ്ങിയ സർക്കുലർ പ്രകാരം ഗവൺമെന്റ് കുട്ടി ഒന്നിന് എത്ര രൂപ ചിലവിനത്തിൽ സ്കൂളുകൾക്ക് നൽകുന്നുണ്ട്? അതിന്റെ വിശദമായ വിവരങ്ങൾ നൽകണം.

2. ഉച്ചഭക്ഷണ പദ്ധതി പ്രകാരം ഇറങ്ങിയ സർക്കുലറിൽ സ്കൂളുകൾക്ക് ചെലവായ തുക ലഭിക്കുന്നതിനും എല്ലാ മാസവും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ട രേഖകൾ ഏതൊക്കെ? എല്ലാ മാസവും എത്രാം തീയതിക്കകം ഈ രേഖകൾ സമർപ്പിക്കണം? ആരാണ് ഇത് സമർപ്പിക്കേണ്ടത്?

3. എല്ലാ മാസവും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ട രേഖകളിൽ ഓരോ രേഖയിലും ആരൊക്കെ ഒപ്പു വെയ്ക്കണം?

4. ഉച്ചഭക്ഷണ കമ്മറ്റി അംഗങ്ങൾ ആരൊക്കെ? ഈ അംഗങ്ങൾ സ്ഥിരമായി കമ്മിറ്റിയിൽ ഹാജരാകാതിരുന്നാൽ ഏതെങ്കിലും നടപടികൾ സ്വീകരിക്കാൻ സർക്കുലറിൽ പറയപ്പെടുന്ന ഭാഗമേത്?

5. ഉച്ചഭക്ഷണ കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന രീതി എങ്ങനെ?

6. ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട സ്കൂളിൽ പരിശോധനയക്ക് സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ ഏതൊക്കെ? അതിൽ സോഫ്റ്റ് വെയറിൽ നിന്നും എടുത്തിട്ടുള്ള ഡിജിറ്റൽ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടത് ഏതൊക്കെ? അല്ലാത്തവ ഏതൊക്കെയാണെന്നും വേർതിരിച്ച് ലിസ്റ്റ് തരേണ്ടതാണ്.

7. ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള മോണിറ്ററിംഗ് കമ്മറ്റികൾ ഏതൊക്കെ? ഇവയുടെ വിശദമായ സർക്കുലറിൽ ഏതുഭാഗമാണ് പറയപ്പെടുന്നത്?

തുറവൂർ
29.07.2022

**സോമശേഖരൻ നായർ**

DGE/11577/2022-NM(A1)

I/149680/2022

"ഭരണഭാഷ - മാതൃഭാഷ"

വിവരാവകാശ നിയമം - 2005

നം:എൻ.എം.എ(1)-11577 /2022/ഡി.ജി.ഇ


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ജഗതി, തിരുവനന്തപുരം-14
ഫോൺ:-0471 - 2324633
ഇ-മെയിൽ:-supdtnma.dge@kerala.gov.in

തീയതി : Approved Date
20.08.2022

പ്രേക്ഷകൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ
ഉച്ചഭക്ഷണ വിഭാഗം
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം-14

സ്വീകർത്താവ്

ശ്രീ. സോമശേഖരൻ നായർ
മാടംഭാഗത്ത്, തുറവൂർ പി.ഒ
ചേർത്തല, ആലപ്പുഴ

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - സ്കൂൾ ഉച്ചഭക്ഷണ പദ്ധതി - വിവരാവകാശ അപേക്ഷയുള്ള മറുപടി - സംബന്ധിച്ച്

*******************

സൂചനയിലെ വിവരാവകാശ അപേക്ഷയ്ക്ക്, ഈ കാര്യാലയത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള മറുപടി ചുവടെ നൽകുന്നു.

01. ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, മൂന്ന് വ്യത്യസ്ത സ്ലാബുകളിലായാണ് തുക സ്കൂളുകൾക്ക് അനുവദിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ നൽകുന്നു.
സ്ളാബ് I - 150 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 8 രൂപ
സ്ളാബ് II - 151 മുതൽ 500 കുട്ടികൾ വരെ - കുട്ടിയൊന്നിന് പ്രതിദിനം 7 രൂപ
സ്ളാബ് III - 500 ന് മുകളിൽ - കുട്ടിയൊന്നിന് പ്രതിദിനം 6 രൂപ

02. എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ചെലവുമായി ബന്ധപ്പെട്ട ബില്ലുകൾ, എൻ.എം.പി 1 ഫോറം, കെ 2 രജിസ്റ്റർ എന്നീ രേഖകളാണ് സമർപ്പിക്കേണ്ടത്. ഇവ പ്രഥമാദ്ധ്യാപകൻ/പ്രഥമാദ്ധ്യാപിക സാക്ഷ്യപ്പെടുത്തിയിരിക്കണം. വരവ് ചെലവ് കണക്കുകൾ സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റി അംഗീകരിച്ചതായിരിക്കണം.എൻ.എം.പി 1 ഫോറം മാസത്തെ ആദ്യ പ്രവർത്തി ദിവസത്തിലും, മറ്റുള്ള രേഖകൾ അഞ്ചാം തീയതിയ്ക്കുള്ളിലും ഉപജില്ലാ ഓഫീസിൽ സമർപ്പിക്കണം. സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയുടെ കൺവീനറായ സ്കൂൾ പ്രഥമാദ്ധ്യാപകൻ/പ്രഥമദ്ധ്യാപികയാണ് രേഖകൾ സമർപ്പിക്കേണ്ടത്.

03. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉപജില്ലാ ഓഫീസുകളിൽ സമർപ്പിക്കേണ്ട രേഖകളിൽ ഒപ്പ് വെക്കേണ്ടത് പ്രഥമാദ്ധ്യാപകൻ/പ്രഥമദ്ധ്യാപികയാണ്. ഉച്ച ഭക്ഷണവുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ്, കമ്മറ്റി ചെയർമാൻ കൂടി സാക്ഷ്യപ്പെടുത്തി വേണം സമർപ്പിക്കേണ്ടത്.

04.സ്കൂൾ ഉച്ചഭക്ഷണ കമ്മറ്റിയുടെ ഘടന ചുവടെ നൽകുന്നു.

പി.ടി.എ പ്രസിഡന്റ് :- ചെയർമാൻ
പ്രഥമാദ്ധ്യാപകൻ/പ്രഥമദ്ധ്യാപിക :- കൺവീനർ
വാർഡ് മെമ്പർ :- അംഗം
എസ്.എം.സി ചെയർമാൻ :- അംഗം
മദർ പി.ടി.എ പ്രസിഡന്റ് :- അംഗം
എസ്.സി/എസ്.ടി, ഭിന്നശേഷി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ പ്രതിനിധി :- അംഗം
മാനേജർ/മാനേജരുടെ പ്രതിനിധി (എയ്ഡഡ് സ്കൂളുകൾക്ക് മാത്രം ബാധകം) :- അംഗം
രണ്ട് അദ്ധ്യാപകർ (ഒരാൾ വനിത) :- അംഗം
വിദ്യാർത്ഥികളുടെ പ്രതിനിധി :- അംഗം
സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളി:- അംഗം

അംഗങ്ങൾ കമ്മറ്റിയിൽ സ്ഥിരമായി ഹാജരാകാതിരുന്നാൽ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് സർക്കുലറിൽ പരാമർശിക്കുന്നില്ല.

05.പി.ടി.എ ജനറൽ ബോഡി ചേർന്നാണ് ഉച്ചഭക്ഷണ കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

06.ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ഉപയോഗിക്കേണ്ട രജിസ്റ്ററുകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ നൽകുന്നു.

(i) കെ 2 രജിസ്റ്റർ
(ii) ഉച്ചഭക്ഷണ ഹാജർ പുസ്തകം & കൺസോളിഡേറ്റഡ് ഹാജർ പുസ്തകം
(iii) മിഡ് ഡേ മീൽ അക്കൗണ്ട് രജിസ്റ്റർ
(iv) എൻ.എം.പി 1 ഫോറം
(v) ഉച്ചഭക്ഷണ കമ്മറ്റി മിനിട്സ് ബുക്ക്
(vi) സ്പെഷ്യൽ അരി വിതരണത്തിന്റെ അക്വിറ്റൻസ് രജിസ്റ്റർ
(viii) ഫുഡ് സെക്യൂരിറ്റി അലവൻസ് വിതരണത്തിന്റെ അക്വിറ്റൻസ് രജിസ്റ്റർ
(ix) പാത്രങ്ങളുടെയും മറ്റ് ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ
(x) ഉച്ചഭക്ഷണം രുചിച്ചു നോക്കിയ അദ്ധ്യാപകൻ/അദ്ധ്യാപിക, എസ്.എം.സി അംഗങ്ങൾ എന്നിവർക്ക് അവരുടെ അഭിപ്രായം രേഖപ്പെടുത്തുവാനുള്ള രജിസ്റ്റർ
(xi) ഉച്ചഭക്ഷണ പാചകത്തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുവാനുള്ള രജിസ്റ്റർ

ഇവയിൽ കെ 2 രജിസ്റ്റർ, കൺസോളിഡേറ്റഡ് ഹാജർ പുസ്തകം, എൻ.എം.പി 1 ഫോറം എന്നിവ ഡിജിറ്റലായും മറ്റുള്ളവ മാനുവലായുമാണ് പരിപാലിക്കേണ്ടത്.

07.സംസ്ഥാന തല സ്റ്റിയറിംഗ്-കം-മോണിറ്ററിങ്ങ് കമ്മറ്റി, ജില്ലാതല മോണിറ്ററിംഗ് കമ്മറ്റികൾ, ഉപജില്ലാതല മോണിറ്ററിംഗ് കമ്മറ്റി എന്നിവയാണ് മോണിറ്ററിംഗ് കമ്മറ്റികൾ. ജില്ലാതലത്തിൽ രണ്ട്

കമ്മറ്റികളാണ് ഉള്ളത്: ഒന്ന് ജില്ലയിലെ സീനിയർ ലോക്സഭാംഗം അദ്ധ്യക്ഷനായ കമ്മറ്റിയും മറ്റൊന്ന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ കമ്മറ്റിയും. ജില്ലാതല മോണിറ്ററിംഗ് കമ്മറ്റികൾ, ഉപജില്ലാതല മോണിറ്ററിംഗ് കമ്മറ്റി എന്നിവയുടെ ഘടന പൊതുവിദ്യാഭ്യാസ ഡയറക്ടർ 31.05.2022 ൽ പുറപ്പെടുവിച്ച സർക്കുലറിലെ "വിവിധ തലങ്ങളിലെ മോണിറ്ററിംഗ് കമ്മറ്റികൾ" എന്ന വിഭാഗത്തിൽ (പേജ് 8, 9) നൽകിയിട്ടുണ്ട്.

മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ തൃപ്തികരമല്ലെങ്കിൽ, താങ്കൾക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ അധികാരിയുടെ വിലാസം ചുവടെ നൽകുന്നു.

ഗീത ടി.എസ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (എൻ.എം.) - ഇൻ ചാർജ്ജ് & അപ്പീൽ അധികാരി
ഉച്ചഭക്ഷണ വിഭാഗം
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം-14

വിശ്വസ്തതയോടെ,

ബിപിൻ വി പി
സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ
ഉച്ചഭക്ഷണ വിഭാഗം